(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ഇതിനെ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഈ സമാപനത്തിൽ ഇപ്പോൾ പുതിയ ഒ. പി. ബ്ലോക്ക്, ജറിയാട്രിക് വാർഡ്, മോർച്ചറി, എക്സ്റേ കെട്ടിടം, പുരുഷൻമാരുടെ വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കെട്ടിടങ്ങൾ ഉൾപ്പെടെ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കിയശേഷം താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നെടുമ്പന ടി. ബി. ആശുപത്രി

154 [1748] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമ്പന ടി. ബി. ആശുപത്രിയെ ജില്ലാ ടി. ബി. ആശുപത്രിയായി ഉയർത്തുന്നതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

നെടുമ്പന ആശുപത്രി നിലവിൽ 75 കിടക്കകളുള്ള ഒരു ഗവൺമെന്റ് ആശുപത്രിയാണ്. ഇവിടെ ടി. ബി. വാർഡും പ്രവർത്തിച്ചുവരുന്നു. ഇത് താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള വിശദമായ ശുപാർശ സമർപ്പിക്കാൻ കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

155 [1749] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിൽ ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എക്സ്റേ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly